## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 934. 09.08.2017 -ലെ മറുപടിക്ക്.

## തൊഴിൽ നയം

ചോദ്യം | മറുപടി

**ശ്രീ. ഇ.പി.ജയരാജൻ**
**ശ്രീ.കെ. ആൻസലൻ**
**ശ്രീ.കെ.ദാസൻ**
**ശ്രീ.എം. നൗഷാദ് :**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും കേരളത്തെ ഒരു തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാനത്ത് തൊഴിൽ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. ഉദ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, തൊഴിലാളികൾക്ക് ന്യായമായ വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും എന്നിവ ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തിക്കൊണ്ട് തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിക്കുക, സംസ്ഥാനത്ത് സൗഹൃദ |

| | |
|---|---|
| | തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക, എന്നിവയിലൂടെ സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുകയാണ് സംസ്ഥാന തൊഴിൽ നയത്തിന്റെ നിയുക്ത ലക്ഷ്യം. |
| (ബി) തൊഴിലാളികൾക്ക് അർഹമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

തൊഴിലാളികൾക്ക് അർഹമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനും ചുവടെ പറയുന്ന കാര്യങ്ങളാണ് കരട് തൊഴിൽ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തും. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത തൊഴിലുകൾക്ക് ഒരു അടിസ്ഥാന കൂലിയെങ്കിലും ഉറപ്പുവരുത്തും. തെരഞ്ഞെടുത്ത മേഖലകളിൽ ഫെയർ വേജസ് കൊണ്ടുവരും.

2.ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് മിനിമം വേതനം ഉയർത്തി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

3.സംസ്ഥാനത്തെ എല്ലാ പ്രധാന തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിക്കുകയും സമയബന്ധിതമായി പരിഷ്ക്കരിക്കുകയും ചെയ്യും.

4.പരസ്പരബന്ധമുള്ള മേഖലകളിലെ മിനിമം വേതന വിജ്ഞാപനങ്ങൾ സംയോജിപ്പിക്കുവാനുള്ള സാധ്യതകൾ ആരായും.

5.മിനിമം വേതനം നിലവിലില്ലാത്ത എല്ലാ തൊഴിൽ മേഖലകളിലും ഏറ്റവും കുറഞ്ഞ നിരക്കെങ്കിലും ഉറപ്പുവരുത്തുന്നതിന് കേവല വേതന നിയമം കൊണ്ടുവരും.

6.കൂടുതൽ മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുവാൻ സാധ്യതയുള്ള മേഖലകളിൽ ന്യായ വേതനം (Fair wage) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

7.പാചക തൊഴിലാളികൾക്ക് അവരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തി മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

8.വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

9.തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളും.

10.വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്താൻ ശക്തമായി ഇടപെടും.

11.നിയമപ്രകാരം പ്രസവാനുകൂല്യങ്ങളും തൊഴിലിടങ്ങളിൽ കുഞ്ഞുങ്ങൾക്ക് മുലയൂട്ടാനുള്ള സൗകര്യങ്ങളും ഉറപ്പുവരുത്തും. മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം ശമ്പളത്തോടു കൂടിയ പ്രസവാവധി ഉറപ്പാക്കും.

12.സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഒരു ക്രഷ് സെസ് നടപ്പിൽ വരുത്തുകയും സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് സാദ്ധ്യമാകുന്ന കേന്ദ്രങ്ങളിൽ ക്രഷ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. ഇവയുടെ കാലോചിതമായ പരിപാലനത്തിന് സംവിധാനങ്ങൾ നിർബന്ധമാക്കും.

13.വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവത്തിനനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് മതിയായ യാത്രാ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനും അധിക സമയ വേതനവും ആഴ്ച അവധി, വിശ്രമ ഇടവേള, എന്നിവ ഉറപ്പാക്കുന്നതിനും ക്രിയാത്മകമായ ഇട പെടലുകൾ ഉണ്ടാകും.

14.വിവിധ സ്ഥാപനങ്ങളിലെ പരാതി പരിഹാര സമിതികൾ കൃത്യമായി പുന:സംഘടി പ്പിക്കുകയും പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തുകയും ചെയ്യും.

15.തൊഴിൽ നിയമം അനുശാസിക്കുന്ന വിധം തൊഴിലിടങ്ങളിൽ ശുചിമുറികളും വിശ്രമ മുറികളും നിർബന്ധമാക്കും.

16.തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിട സൗകര്യം നിർബന്ധമാക്കും.

സെക്ഷൻ ഓഫീസർ